**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്- 1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ- ചട്ടം 62,63 ലെ വ്യവസ്ഥകൾ പ്രകാരം സാഹിത്യേതര സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള അധികാരം വകുപ്പ തലവൻമാർക്ക് ഡെലിഗേറ്റ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്**

സ.ഉ (കൈ) നം.7/ 2025/ P& ARD തീയതി,തിരുവനന്തപുരം, 25- 03- 2025

=====================================================================

പരാമർശം :- 10.01.2025 ലെ സ.ഉ(കൈ)നം.1/ 2025/ ഉഭപവ നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 62, 63 ലെ വ്യവസ്ഥകൾ പ്രകാരം സാഹിത്യ സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകാനുള്ള അധികാരം ചട്ടം 96 ൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥ അനുസരിച്ച് വകുപ്പ് മേധാവികൾക്ക് ഡെലിഗേറ്റ് ചെയ്തുകൊണ്ട് പരാമർശം പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ വൈജ്ഞാനിക/ശാസ്ത്ര/പഠന സംബന്ധിയായ സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകുന്ന കാര്യവും പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ വരുമോ എന്നതിൽ സ്പഷ്ടീകരണം ലഭ്യമാക്കണമെന്ന് വകുപ്പുകൾ ആവശ്യപ്പെടുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 62, 63 ലെ വ്യവസ്ഥകൾ പ്രകാരം സാഹിത്യേതര സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള അധികാരം കൂടി വകുപ്പ തലവൻമാർക്ക് ഡെലിഗേറ്റ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവാകുന്നു.

3) ഇത്തരത്തിൽ സർക്കാർ ജീവനക്കാർക്ക് പ്രസിദ്ധീകരണത്തിന് അനുമതി നൽകുമ്പോൾ പ്രതിഫലം കൈപ്പറ്റുന്നില്ലെന്ന് വകുപ്പ മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ഡോ. വീണ എൻ മാധവൻ ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,

സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

നിയമം, ധനകാര്യം, ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്)

വെബ് & ന്യൂ മീഡിയ (സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

നോഡൽ ഓഫീസർ, പി & എ ആർ ഡി (വകുപ്പിന്റെ www.pard.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ